## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2076** **16.08.2017-ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറികൾ**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയമപരമായ വ്യവസ്ഥകൾ ലംഘിച്ച് സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നില്ല. അനധികൃതമായി കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി പിടിച്ചെടുത്ത് കേസെടുത്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള വിൽപ്പന നിരോധിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ അന്യസംസ്ഥാന ലോട്ടറികൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും GST നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കും. |
| (സി) | നിയമപരമായ വ്യവസ്ഥകൾ പാലിച്ച് സംസ്ഥാനത്ത് ഏതെല്ലാം ലോട്ടറികൾ വിൽക്കുന്നുണ്ട്; അതിലൂടെ സംസ്ഥാനത്തിന് എത്ര തുകയുടെ വരുമാനം ലഭിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) | നിയമപരമായ വ്യവസ്ഥകൾ പാലിച്ച് സംസ്ഥാനത്തിനകത്ത് കേരള സംസ്ഥാന ലോട്ടറി മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ.<br><br>2016-17 സാമ്പത്തിക വർഷം ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവ് 7394.90 കോടി രൂപയും, വകുപ്പിന്റെ ലാഭം 1691.05 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ.